"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ്- കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി- കോട്ടക്കൽ വൈദ്യരത്നം പി.എസ്.വാര്യർ ആയുർവേദ കോളേജ് ആശുപത്രിയുടെ പ്രവർത്തനത്തിന് വേണ്ടി ഡയറക്ട് പേമെന്റ് സ്കീമിൽ ഉൾപ്പെടുത്തിയ 18 താൽക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ 31.03.2026 വരെ തുടർച്ചാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.207/2025/AYUSH തീയതി,തിരുവനന്തപുരം, 16-04-2025

---

പരാമർശം:-

1. ജി.ഒ.(എം.എസ്.) നം. 395/96/H&FWD തീയതി 27.12.1996
2. ജി.ഒ.(ആർ.ടി) നം. 2237/98/H&FWD തീയതി 09.09.1998
3. ജി.ഒ.(ആർ.ടി) നം. 1965/99/H&FWD തീയതി 15.07.1999
4 ജി.ഒ.(ആർ.ടി) നം. 3511/2000/H&FWD തീയതി 29.09.2000
5 ജി.ഒ.(ആർ.ടി) നം. 12/2003/H&FWD തീയതി 01.01.2003
6 ജി.ഒ.(ആർ.ടി) നം. 2706/2003/H&FWD തീയതി 15.09.2003
7 ജി.ഒ.(ആർ.ടി) നം. 2107/2004/H&FWD തീയതി 02.08.2004
8 ജി.ഒ.(ആർ.ടി) നം. 3350/2011/H&FWD തീയതി 24.09.2011
9 സ.ഉ.(സാധാ)നം. 317/2023/AYUSH തീയതി 20.08.2023
10 സ.ഉ.(സാധാ)നം. 76/2024/ആയുഷ് തീയതി 20.08.2023
11 ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 01.04.2025-ലെ ജി3/99/2025/ഡി.എ.എം.ഇ. നമ്പർ കത്ത്

**ഉത്തരവ്**

കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിക്ക് കീഴിലുള്ള കോട്ടക്കൽ വൈദ്യരത്നം പി.എസ്. വാര്യർ ആയുർവേദ കോളേജ് ആശുപത്രിയിൽ ഡയറക്ട് പേയ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി 18 താൽക്കാലിക തസ്തികകൾ പരാമർശം (1) പ്രകാരം അനുവദിച്ച് ഉത്തരവായിരുന്നു. 150 കിടക്കകളുള്ള ആശുപത്രിയുടെ നടത്തിപ്പിന് മേൽ തസ്തികകൾ അനിവാര്യമായതിനാൽ ടി തസ്തികകൾക്ക് 31.03.2025 വരെ പരാമർശത്തിലെ വിവിധ ഉത്തരവുകളിലായി തുടർച്ചാനുമതി നൽകിയും ഉത്തരവായിരുന്നു.

2. പ്രസ്തുത തസ്തികകൾക്ക് 01.04.2025 മുതൽ തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടക്കൽ കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റിയുടെ കീഴിലുള്ള വൈദ്യരത്നം പി.എസ്. വാര്യർ ആയുർവേദ കോളേജ് ആശുപത്രിയുടെ പ്രവർത്തനത്തിന് വേണ്ടി ഡയറക്ട് പേമെന്റ് സ്കീമിൽ ഉൾപ്പെടുത്തി സൃഷ്ടിച്ച

ചുവടെപ്പറയുന്ന 18 താൽക്കാലിക തസ്തികകൾക്ക് 01.04.2025 മുതൽ 31.03.2026 വരെ തുടർച്ചാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | നഴ്സ് ഗ്രേഡ് I | 1 |
| 2 | നഴ്സ് ഗ്രേഡ് II | 2 |
| 3 | ഫാർമസിസ്റ്റ് ഗ്രേഡ് II | 1 |
| 4 | മാസ്സിയർ (ആയുർവേദ തെറാപ്പിസ്റ്റ്) | 2 |
| 5 | നഴ്സിംഗ് അസിസ്റ്റന്റ് | 3 |
| 6 | കിച്ചൺ അസിസ്റ്റന്റ് | 1 |
| 7 | കഷായ സർവന്റ് | 2 |
| 8 | സ്കാവഞ്ചർ (സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ) | 1 |
| 9 | വാച്ചർ | 1 |
| 10 | ധോബി | 2 |
| 11 | ഗാർഡനർ | 1 |
| 12 | ലേ സെക്രട്ടറി | 1 |
| | ആകെ | 18 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള ആയുർവേദ പഠന ഗവേഷണ സൊസൈറ്റി, എടരിക്കോട് പി.ഒ. കോട്ടക്കൽ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കോട്ടക്കൽ, മലപ്പുറം
ധനകാര്യ വകുപ്പ് (ധനകാര്യ (ഹെൽത്ത്-ബി) വകുപ്പിന്റെ 17.03.2025 ലെ U.O (F) നം. 2276360/HLT-B1/206/2022-Fin പ്രകാരം)
ആയുഷ് (സി) വകുപ്പ്
വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 16-04-2025 16:54:47
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. ആരോഗ്യ വനിത ശിശുവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആയുഷ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-ക്ക്